# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *392 — 15.05.2017-ൽ മറുപടിയ്ക്ക്

## വാഹനപ്പെരുപ്പം നേരിടാൻ റോഡ് വിപുലീകരണവും ബൈപാസ് നിർമ്മാണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.പി.വി. അൻവർ<br>,, വി. കെ. സി.മമ്മത് കോയ : | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി) |
| (എ) സ്വകാര്യ വാഹനപ്പെരുപ്പം നിയന്ത്രിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, ഇവ പ്രയോജന പ്രദമായി ഉപയോഗിക്കുന്നതിനായുള്ള റോഡ് വിപുലീകരണത്തിനും നിലവിലുള്ള റോഡുകൾ കൈയ്യേറ്റങ്ങൾ ഒഴിവാക്കി പൂർണ്ണമായി വിനിയോഗിക്കുന്നതിനും ഉപരിതലം മെച്ചപ്പെടുത്തി നവീകരിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിലെ നിലവിലുള്ള റോഡുകളിൽ കൈയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സർക്കാർ ഉത്തരവ് (കൈ)നം.63/16/പൊ.മ.വ. തീയതി 03.09.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും, കാൽനടയാത്രക്കാർക്കും, വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും , സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ-3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്.-ന്റെ |

പരിധിയിൽ വരുന്ന റോഡുകളും ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ.എച്ച്)നേയും, സ്റ്റേറ്റ് ഹൈവേയുടെയും, പ്രധാന ജില്ലാ റോഡുകളുടെയും ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും)-യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ-4) പ്രകാരം നിയമിച്ച ഉത്തരവായിട്ടുണ്ട്. ആയതിനാൽ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സംസ്ഥാനത്ത് കർശനമായി നടപ്പാക്കാനും കൂടാതെ പൊതുമരാമത്ത് വകുപ്പ് റോഡിലെ കൈയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്താനും അവ ഒഴിപ്പിക്കുന്നതിനുമുള്ള നിയമ നടപടികൾ സ്വീകരിക്കാനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. തുടർന്ന് കേരള സർക്കാർ പൊതുമരാമത്ത് നിരത്ത് വിഭാഗം ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഹൈവേ അതോറിറ്റിയായി നിയമിച്ചു കൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (ഗസറ്റ് നമ്പർ 102 തീയതി 19.01.2017) നിലവിലെ റോഡുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരമ്പരാഗത 20 mm ചിപ്പിംഗ് കാർപ്പറ്റ് സംവിധാനം മാറ്റി ബി.എം. & ബി.സി ഉപയോഗിച്ച് ഉപരിതലം പുതുക്കി വരുന്നു. നിലവിൽ ബി.സി. ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിന് NRMB (Natural Rubber Modified Bitumen)

ഉപയോഗിക്കുന്നതിനുമുള്ള വ്യവസ്ഥ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച് സാങ്കേതികാനുമതി നൽകി വരുന്നു. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ള SH/MDR(State Highway/Major District Road) കളിൽ ബി.എം. & ബി.സി ഉപരിതലം നിർമ്മിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. റോഡുകളിൽ ഗതാഗത നിയന്ത്രണത്തിനായി Byepass/Flyover എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മിച്ച് വരുന്നു.

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം സംസ്ഥാനത്ത് സ്ഥല ലഭ്യതയ്ക്കനുസരിച്ച് റോഡ് വിപുലീകരണ പ്രവൃത്തി നടത്തി വരുന്നുണ്ട്. നിലവിലുള്ള റോഡുകളുടെ ഉപരിതലം ബലപ്പെടുത്തിയും, പുതുക്കിയും സ്ഥലലഭ്യതയ്ക്കനുസരിച്ച് റോഡിന്റെ പാർശ്വ വശങ്ങൾ നിലവിലുള്ള റോഡിന്റെ അതേ നിലവാരത്തിൽ ബലപ്പെടുത്തിയും വരുന്നുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് ഇത്തരം പ്രവൃത്തികളൊക്കെ ചെയ്തു വരുന്നത്.

സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച് 17 ഉം, എൻ.എച്ച് 47 ഉം സർവ്വീസ് റോഡോടു കൂടിയ നാലുവരിപ്പാതയായും മറ്റ് എല്ലാ

ദേശീയപാതകളും പേവ്ഡ് ഷോൾഡറോഡു കൂടിയ രണ്ടു വരിപ്പാതയായും വികസിപ്പിക്കുവാൻ കേന്ദ്ര ഗതാഗത മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്.

ഇതിൽ എൻ.എച്ച് 17 ഉം, എൻ.എച്ച് 47 ഉം നാലുവരിപ്പാതയായി വികസിപ്പിക്കുവാനുള്ള ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കും, ബാക്കി ദേശീയപാതകളുടെ വികസനം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനെയുമാണ് നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്.

| | |
|---|---|
| **(ബി)** വാഹന സാന്ദ്രത നഗര കേന്ദ്രീകൃതമായതിനാൽ, നഗരങ്ങളിലെ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനായി ബൈപാസ് റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | **(ബി)** വാഹന സാന്ദ്രത നഗര കേന്ദ്രീകൃതമായതിനാൽ, നഗരങ്ങളിലെ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനായി ബൈപാസ് റോഡുകൾ നിർമ്മിച്ചു വരുന്നു. |
| **(സി)** റോഡ് ശൃംഖലയിൽ 73 ശതമാനം വരുന്ന ജില്ലാ റോഡുകൾ വീതി വളരെ കുറഞ്ഞതും ഉപരിതലം വേണ്ടത്ര നിലവാരമുള്ളതുമല്ലാത്ത -തിനാൽ, ഇവയുടെ നിലവാരം ഉയർത്താൻ പദ്ധതിയുണ്ടോ? | **(സി)** പൊതുമരാമത്ത് വകുപ്പിലെ പല ജില്ലാതല റോഡുകളും മുൻകാലങ്ങളിൽ വില്ലേജ് റോഡ് ആയും, ODR ആയും ഉണ്ടായിരുന്നവയാണ്. ഇവ അപ്ഗ്രേഡ് ചെയ്ത് MDR ആയി പ്രഖ്യാപിച്ചുണ്ടെങ്കിലും പൂർണ്ണമായി അപ്ഗ്രേഡ് ചെയ്യുവാൻ സാധിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ജില്ലാ തല റോഡുകൾ ഫണ്ടിന്റെ ലഭ്യതയും ഗതാഗത സാന്ദ്രതയും കണക്കിലെടുത്ത് സ്ഥല ലഭ്യതയ്ക്കനുസരിച്ച് വീതി കൂട്ടി ഇംപ്രൂവ്മെന്റ് ചെയ്യുന്നതിനുള്ള പ്രവർത്തികൾ പൊതുമരാമത്ത് വകുപ്പ് നടത്തി വരുന്നു. Free Surrender ആയി |

| | | | |
|---|---|---|---|
| 28 | കണ്ണൂർ ജില്ലയിലെ കുയ്യാലി - കോളശ്ശേരി - എരഞ്ഞോളി - തോട്ടുമ്മൽ - കതിരൂർ 0/000 കി.മി മുതൽ 10/000 വരെ റോഡ് പുന രുദ്ധാരണം | 10 | 10.00 |
| 29 | ആലപ്പുഴ ജില്ലയിലെ തീരദേശ തുമ്പോളി ബീച്ച് ചർച്ച് കളർകോട് ജംഗ്ഷൻ റോഡും (കോമാടി കൈച്ചൂണ്ടി ജില്ലാ കോടതി സിറിയൻ ചർച്ച് കല്ലുപുറം കൈതവന — കളർകോട് വഴി) ആലപ്പുഴ ജംഗ്ഷനും പുനരുദ്ധാരണം | 10 | 12 |

(ബി) പ്രസ്തുത പദ്ധതി പ്രകാരം റോഡുകൾ (ബി) അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വിശദമാക്കാമോ;

10 കിലോ മീറ്ററിൽ കുറയാത്ത സംസ്ഥാന പാത കൾ മേജർ ജില്ലാ റോഡുകൾ, ദേശീയപാതയെ മറ്റ് പ്രധാനപ്പെട്ട റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, അന്തർ സംസ്ഥാന പാതകൾ, വാണി ജ്യ, വ്യവസായ, വിനോദ പ്രാധാന്യമുള്ള റോഡു കൾ എന്നിവയാണ് സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നത്. കൂടാതെ പാലങ്ങ ളുടെ നിർമ്മാണം, റെയിൽവേ ഓവർ ബ്രിഡ്ജ്, അണ്ടർ ബ്രിഡ്ജ്, റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ സംസ്ഥാന അതിർത്തികളിലെ പാലങ്ങളുടെ പ്രോജക്ടുകൾ എന്നിവയും സി.ആർ.എഫ്. പദ്ധതി യിൽ ഉൾപ്പെടുത്താറുണ്ട്. പൊതുവെ 10 മുതൽ 50 കോടി വരെയുള്ള പ്രോജക്ടുകളാണ് ഇതിൽ ഉൾപ്പെടുത്താറുള്ളത്. ഈ സ്കീമിൽ തെരെഞ്ഞെടുക്കുന്ന റോഡുകൾ കഴിഞ്ഞ 3 വർഷക്കാലം ഒരു പുരോഗമന പ്രവൃത്തിയ്ക്കും വിധേയമാകുവാനും പാടില്ല. ഈ പ്രവൃത്തികളിൽ ഭൂമി ഏറ്റെടുക്കൽ നടപടി ഉൾപ്പെടുത്താനാവില്ല.

S. Bindu

**സെക്ഷൻ ഓഫീസർ**